സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടുള്ള ടൂറിസം മേളകളുടെയും ആഘോഷങ്ങളുടെയും വിശദാംശം

85 [3232] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് നടത്തിയിരുന്ന ഏതെല്ലാം മേളകളും ആഘോഷങ്ങളുമാണ് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടുള്ളത്; ഈ ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏജൻസികൾ മുഖേനയുള്ള മേള നടത്തിപ്പിൽ സർക്കാരിന് അധിക ബാധ്യത വന്നിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ അധികബാധ്യതയാണ് ഉണ്ടായിട്ടുള്ളത്; ഇല്ലെങ്കിൽ എത്ര തുകയുടെ ലാഭമാണ് ഉണ്ടായിട്ടുള്ളത് എന്നുകൂടി വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. നിശാഗന്ധി നൃത്തോത്സവം—ഗ്രേറ്റ് ഇന്ത്യ ഇവന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം

2. മിസ്റ്റിക്സ് ഓഫ് മലബാർ 2003—ഹ്യൂസ് അഡ്വർറ്റൈസേഴ്സ്, തിരുവനന്തപുരം

3. ഗോൾഡ് ഫെസ്റ്റിവൽ—പ്രൈം ടൈം അൺലിമിറ്റഡ്, കൊച്ചി

4. ഇന്ത്യ ഇന്റർനാഷണൽ ബോട്ട് ഷോ—സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻ, തിരുവനന്തപുരം.

(ബി) ഇല്ല. ടി മേളകൾ ഏജൻസികളെ ഏൽപ്പിക്കുന്നത് വഴി ഏജൻസികൾക്ക് കൊടുക്കുന്ന ഫീസല്ലാതെ മറ്റധിക ബാധ്യതകൾ ഒന്നും തന്നെയില്ല. മേളകൾ സംബന്ധിച്ചുള്ള തീരുമാനങ്ങളെല്ലാം തന്നെ ടൂറിസം വകുപ്പിന്റേതാണ്. ഏജൻസികൾ നിർദ്ദേശങ്ങൾ നടപ്പിലാക്കുക മാത്രമാണ് ചെയ്യുന്നത്. ഇവന്റ് മാനേജ്മെന്റ് കമ്പനികളെ ഏൽപ്പിക്കുകവഴി സർക്കാരിന് അധിക ബാധ്യത ഉണ്ടാവുന്നില്ല. മറിച്ച് മേളകൾ വളരെ "പ്രൊഫഷണലായി" തന്നെ സംഘടിപ്പിക്കാനും ഗവൺമെന്റ് അനുവദിച്ച തുകയ്ക്ക് മേലെ ചെലവ് വരുന്നെങ്കിൽ അത് സ്പോൺസർഷിപ്പ് വഴി കണ്ടെത്താനും സാധിക്കുന്നുണ്ട്. ഉദാ: നിശാഗന്ധി ഉത്സവത്തിന് 25 ലക്ഷം രൂപയാണ് ഗവൺമെന്റ് അനുവദിച്ചിരുന്നത്. എന്നാൽ ഉദ്ദേശം 36 ലക്ഷം രൂപയോളം മേളയ്ക്ക് ചെലവ് കണക്കാക്കുന്നു. (അന്തിമമായി കണക്കുകൾ തയ്യാറാക്കി വരുന്നു.) സർക്കാർ അനുവദിച്ചതിൽ മേലുള്ള തുകയായ ഏകദേശം 11 ലക്ഷം രൂപ സ്പോൺസർഷിപ്പുകൾ വഴിയും സ്റ്റാൾ വാടക വഴിയായും സമാഹരിക്കാൻ കഴിഞ്ഞത് മേളയുടെ നേട്ടമായി കാണുന്നു.

ടൂറിസം വകുപ്പിലെ സ്പെഷ്യൽ റൂൾസ്

86 [3233] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത് എന്നാണ്;

(ബി) ഇതിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly